മഞ്ചേശ്വരം മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

112(1369) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ആയത് എവിടെയൊക്കെയാണെന്നും അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) 4 എണ്ണം.

1. കുമ്പള
2. ഉപ്പള
3. പൈവളിക
4. പെർള.

(ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടില്ല.

റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി

113(1370) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് ലഭിക്കുന്നതിനുവേണ്ടിയുള്ള ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഈ സർക്കാർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ പുതുതായി എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലാമിനേറ്റ് ചെയ്ത് ഫോട്ടോ പതിച്ച് പുതുക്കിയ റേഷൻ കാർഡ് വിതരണം 31-3-2010-ന് പൂർത്തീകരിച്ചതോടെ പുതിയ റേഷൻ കാർഡിനും തിരുത്തലുകൾ വരുത്തുന്നതിനും വൻതോതിൽ അപേക്ഷകൾ ലഭിക്കാൻ തുടങ്ങി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അവയുടെ വിതരണം ഉറപ്പാക്കുന്നതിനായി 31-5-2010-വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതു വരെ പുതിയ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

31-12-2010-ത്തോടെ മിക്കവാറും എല്ലാ കുടിശ്ശികയും തീർക്കുകയും സമയബന്ധിതമായി അപേക്ഷകളിന്മേൽ റേഷൻകാർഡ് വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്. പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓൺലൈനായും അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. കാർഡുടമകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് കൂടുതൽ സി-ഡിറ്റ് ജീവനക്കാരെയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കി പരമാവധി വേഗത്തിൽ കാർഡ് വിതരണം ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ 87,714 കാർഡുകൾ പുതുതായി വിതരണം ചെയ്തിട്ടുണ്ട്.

ജനിതകമാറ്റം വരുത്തിയ വിത്തുകളിൽ നിന്നുള്ള ധാന്യങ്ങളും പഴങ്ങളും മാർക്കറ്റിൽ എത്താതിരിക്കാൻ നടപടി

114(1371) ശ്രീ. സെമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്ത്യൻ വിപണിയിൽ ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ ധാന്യങ്ങളും ഫലങ്ങളും മറ്റും എത്തുന്നുണ്ട് എന്ന അറിവിന്റെ വെളിച്ചത്തിൽ കേരളത്തിലെ മാർക്കറ്റിൽ അത് എത്താതിരിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

മായം ചേർക്കാത്തതും ആരോഗ്യത്തിനു ഹാനികരമല്ലാത്തതും സുരക്ഷിതവുമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ വിതരണം സാധ്യമാക്കുന്നതിന് നിലവിലുണ്ടായിരുന്നതും ഇന്ത്യയൊട്ടാകെ ബാധകമായിരുന്നതുമായ 1954-ലെ മായം ചേർക്കൽ നിരോധന നിയമത്തിലോ 1955-ലെ മായം ചേർക്കൽ നിരോധന ചട്ടത്തിലോ ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവസ്തുക്കളെപ്പറ്റി ഒന്നും തന്നെ പ്രതിപാദിക്കുന്നില്ല എന്നാൽ മായം ചേർക്കൽ നിരോധന നിയമത്തിനു പകരമായി ഇന്ത്യാ ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 സെക്ഷൻ 22 പ്രകാരം കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്യുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയോ വിൽപ്പന നടത്തുകയോ പാടുള്ളൂ. ഈ നിയമം ഇന്ത്യയൊട്ടാകെ പൂർണ്ണമായി നടപ്പിൽ വരുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് ടി വിഷയത്തിൽ കർശന നിലപാട് സ്വീകരിക്കാൻ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly